**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **860**

**10.06.2019 ൽ**

**മറുപടിയ്ക്ക്**

## <u>പോക്സോ കേസ് സ്പെഷ്യൽ പ്രോസിക്യൂട്ടർമാർക്ക് പരിശീലനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മറ്റ് പ്രോസിക്യൂട്ടർമാർക്ക് വർഷംതോറും ജുഡീഷ്യൽ അക്കാദമിയിൽ പരിശീലനം നൽകുമ്പോൾ പോക്സോ കേസ് കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർമാർക്ക് പരിശീലനം ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടർമാർ ഉൾപ്പെടെയുള്ളവർക്ക് കേരള ജുഡീഷ്യൽ അക്കാദമിയിൽ 2017 നവംബർ മാസം 17,18 തീയതികളിൽ പരിശീലനം നൽകിയിരുന്നു. 2019 ആഗസ്റ്റ് മാസവും ടിയാളുകൾക്ക് പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പോക്സോ കോടതികളുള്ളത്; പോക്സോ കോടതി ഇല്ലാത്ത ജില്ലകളിൽ കൂടി ഇത്തരം കോടതികൾ സ്ഥാപിക്കുന്ന കാര്യം ഏതു ഘട്ടത്തിലാണ്; | (ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ സ്ത്രീകളുടേയും കുട്ടികളുടേയും പ്രത്യേക ജില്ലാ സെഷൻസ് കോടതികളിൽ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റു ജില്ലകളിലെ 1-ാം അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അധികാര-പ്പെടുത്തിയിട്ടുണ്ട്. പോക്സോ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) കോടതികളുടെ എണ്ണത്തിലെ കുറവും കേസുകളുടെ വർദ്ധനവും കാരണം കേസുകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം പരിശോധിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും കോടതികളുടെ എണ്ണത്തിലെ കുറവ് കാരണം കേസ് ദുർബലപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇത് ഇരകളുടെ മൊഴിമാറ്റം അടക്കമുള്ള കാര്യങ്ങൾക്കും അതുവഴി കേസ് ദുർബലപ്പെടുന്നതിനും വഴി ഒരുക്കുമോ; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ